## കേരള സർക്കാർ
## ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പ്

സർക്കുലർ നം. 48/2020/ധന.

തീയതി , തിരുവനന്തപുരം, 26.08.2020

**സർക്കുലർ**

വിഷയം-ധനകാര്യ വകുപ്പ്- ജയിലിൽ അടയ്ക്കപ്പെടുന്ന കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നത്- സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന- പഞ്ചായത്ത് ഡയറക്ടറുടെ 11/07/2020-ലെ കത്ത് നം. പി.എ.എൻ/7180/2020/ഡി.ബി.റ്റി.1/(ഡി.പി.)

റിമാൻഡ് കാലാവധിയിലെ പെൻഷൻ കുടിശ്ശിക അനുവദിയ്ക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് ഒരു മാസമോ അതിലധികമോ കാലം റിമാൻഡിൽ കഴിയുകയോ/ ശിക്ഷിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുകയോ ചെയ്യുന്നപക്ഷം പ്രസ്തുത കാലയളലിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

ഇപ്രകാരം ഒരു മാസത്തിലധികം റിമാൻഡ് ചെയ്യപ്പെടുന്നവരുടെ/ ശിക്ഷിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുന്നവരുടെ വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അതാത് പ്രാദേശിക സർക്കാരുകളിൽ പ്രതിമാസം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ ജയിൽ വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നു. ഇപ്രകാരം ലഭിയ്ക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ള പക്ഷം പ്രാദേശിക സർക്കാർ സെക്രട്ടറി അത്തരക്കാരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഒഴിവാക്കേണ്ടതും റിമാൻഡ്/ ശിക്ഷാ കാലാവധി കഴിയുന്ന മുറയ്ക്ക് പെൻഷൻ പുനഃസ്ഥാപിച്ച നൽകേണ്ടതുമാണ്.

**രാജേഷ് കുമാർ സിംഗ് IAS**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ)
4. സംസ്ഥാന ജയിൽ വകുപ്പ് മേധാവി, തിരുവനന്തപുരം.
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
7. സെക്രട്ടറി ( ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ)
8. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
10. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം. 1460207/എസ്.എഫ്.സി.ബി2/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ